(ബി) ആയത് നടപ്പിലാക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കേരള ഗവൺമെന്റ് പ്രസ്സുസ് സബോർഡിനേറ്റ് സർവ്വീസ് കരട് സ്പെഷ്യൽ റൂൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബഹു. ഹൈക്കോടതി OP (KAT) 2906/2013, 3432/2013 എന്ന കേസ്സുകളിൽ 5-2-2014-ൽ താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 'അച്ചടി വകുപ്പിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും സ്പെഷ്യൽ റൂൾ ഫൈനലൈസ് ചെയ്യുന്നതുവരെ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ള കരട് സ്പെഷ്യൽ റൂളിന് അനുസൃതമായി നടത്തേണ്ടതാണ്. അത്തരത്തിൽ നടത്തിയിരിക്കുന്ന നിയമനങ്ങൾ അന്തിമ സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കേണ്ടത്.' ഇപ്രകാരം നടപ്പിലാക്കുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അച്ചടിവകുപ്പ് ജീവനക്കാരനെതിരെ അച്ചടക്ക നടപടി

165 (7464) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ എസ്. ലതാകുമാരിയോട് അപമര്യാദയായി പെരുമാറിയതുസംബന്ധിച്ച് എന്തെങ്കിലും ജീവനക്കാരനെതിരെ പരാതി ലഭിച്ചിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നടപടി ആർക്കെതിരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ :

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ ഫോർമാൻ (ബൈന്റിംഗ് വിഭാഗം) ശ്രീ. കെ. മോഹനനെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) അച്ചടിവകുപ്പിൽ രൂപീകരിച്ചിട്ടുള്ള വനിതാ പരാതി പരിഹാരസെൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പരാതിയിൽ പറയുന്ന സംഭവം നടന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

അച്ചടിശാലകളിലെ യന്ത്രസാമഗ്രികൾക്ക് അനുവദിച്ച തുക

166 (7465) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പ്രസ്സുകളിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അതിൽ എത്ര തുകയ്ക്ക് ആയതു വാങ്ങിയെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലോക്കൽ പർച്ചേസിംഗ് മുഖേന വാങ്ങിയ പ്ലേറ്റുകൾ എത്രയെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) അച്ചടി വകുപ്പിലേക്ക് ആവശ്യമുള്ള പ്ലേറ്റുകൾ ആനുവൽ പർച്ചേസ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അച്ചടിവകുപ്പിൽ യന്ത്രസാമഗ്രികൾ വാങ്ങിക്കുന്നതിന് അനുവദിച്ച തുക, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

വർഷം	അനുവദിച്ച തുക	ചെലവായ തുക
2011-12	4,00,00,000	2,64,87,090
2012-13	5,87,00,000	61,12,698
2013-14	5,50,00,000	48,08,757

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം e-tender മുഖേന പർച്ചേസ് ചെയ്യാൻ സാധിക്കാത്തതിനാൽ അത്യാവശ്യ ജോലികൾക്ക് വേണ്ടി 10,58,795 രൂപയ്ക്ക് പ്ലേറ്റുകൾ വാങ്ങിയിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിലേയ്ക്ക് Annual Indent പ്രകാരം 52.74 ലക്ഷം രൂപയുടെ PS/CTP പ്ലേറ്റുകൾ e-tender-കൾ മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും മത്സരാധിഷ്ഠിതമായി e-tender-കൾ ലഭിക്കാത്തതിനാൽ ആനുവൽ പർച്ചേസ് നടത്താൻ കഴിഞ്ഞിരുന്നില്ല. ഈ വർഷത്തെ ആനുവൽ പർച്ചേസിന്റെ പ്രൊപ്പോസൽ പരിശോധിച്ചതിനുശേഷം ഭരണാനുമതി നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly